**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **06-10-2021 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിൽ 1968 മുതൽ താൽക്കാലിക ജോലി ചെയ്ത് 1990 ൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് ക്യാഷ്വൽ സർവീസ് കാലം കൂടി പരിഗണിച്ച് പെൻഷൻ അനുവദിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (എ) | ജലസേചന വകുപ്പിൽ 1968 മുതൽ താൽക്കാലിക ജോലി ചെയ്ത് 1990-ൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് കാഷ്വൽ സർവ്വീസ് കാലം കൂടി പരിഗണിച്ച് പെൻഷൻ അനുവദിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ (G.O(Rt) No. 588/2019/WRD dtd, 17/08/2019) അർഹരായ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പാസ്സാക്കി അംഗീകാരത്തിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിലൂടെ പ്രയോജനം ലഭിക്കുന്ന ജീവനക്കാരുടെ എണ്ണം, നാളിതുവരെ ആനുകൂല്യം ലഭ്യമായ ജീവനക്കാർ, ഇനി ആനുകൂല്യം ലഭിക്കാനുള്ളവർ എന്നിവ വിശദമാക്കാമോ; | (ബി) | പ്രസ്തുത സർക്കാർ ഉത്തരവിലൂടെ പ്രയോജനം ലഭിക്കുന്ന ജീവനക്കാർ - 359 നാളിതുവരെ ആനുകൂല്യം ലഭ്യമായ ജീവനക്കാർ - 44 ആനുകൂല്യം ലഭിക്കാനുള്ളവർ - 315 |
| (സി) | ഇതുമായി ബന്ധപ്പെട്ട ശ്രീ. എം.യു.ഉതുപ്പ്, മൂത്തേടത്ത്, രാമമംഗലം എന്നയാളിന്റെ പെൻഷൻ അനുവദിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വ്യക്തിക്ക് ടി ഉത്തരവ് പ്രകാരമുള്ള പെൻഷൻ എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ? | (സി) | ശ്രീ.എം.യു.ഉതുപ്പ്, മൂത്തേടത്ത്, രാമമംഗലം എന്നയാൾ ആലുവ ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിലുള്ള രാമമംഗലം ഇലക്ട്രിക്കൽ സെക്ഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനാണ്. ടിയാന്റെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടു പോയതിനാൽ പെൻഷൻ സംബന്ധിച്ച അർഹത വിലയിരുത്തുവാൻ കാലതാമസമുണ്ടായി. 19/05/1983 പ്രാബല്യത്തിലുള്ള സിഎൽആർ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാൾ ക്രമ നം.230 ആയി ഉൾപ്പെട്ടിട്ടുള്ളതായും ടിയാന്റെ ജനനതീയതി 13/05/1951 ആയും സർവ്വീസിൽ പ്രവേശിച്ച തീയതി 15/12/1976 ആയും 19/05/1983 പ്രാബല്യത്തിൽ ടിയാൻ 1421 ദിവസം ജോലി ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന് പെൻഷനുള്ള അർഹത ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ